## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1770 | 14.07.2011-ൽ മറുപടിയ്ക്ക് |
|---|---|

### പകർച്ച വ്യാധികൾക്ക് പ്രതിരോധപദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ ഇ. പി. ജയരാജൻ.<br>ശ്രീ. എ.എം. ആരിഫ്.<br>ശ്രീ. കെ. കുഞ്ഞിരാമൻ.(ഉദുമ)<br>ശ്രീ കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് നിയന്ത്രിക്കപ്പെട്ട പകർച്ച വ്യാധികൾ വർദ്ധിതമായ തോതിൽ തിരിച്ചുവന്നു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പകർച്ച വ്യാധികളാണ് തിരിച്ചു വന്നുകൊണ്ടിരിക്കുന്നതായി കണക്കാക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്.<br>സംസ്ഥാനത്ത് നിന്നും നിർമാർജ്ജനം ചെയ്യപ്പെട്ട മലമ്പനി രോഗം കുറച്ച് കാലമായി കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ കാണപ്പെട്ടു വരുന്നു. സംസ്ഥാനത്ത് നിയന്ത്രിക്കപ്പെട്ടിരുന്ന ജപ്പാൻ ജ്വരവും ചില ജില്ലകളിൽ നിന്ന് ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | പുത്തൻ പകർച്ച വ്യാധികളായി കണക്കാക്കപ്പെട്ടിട്ടുള്ളത് ഏതൊക്കെയാണ്; | ബി) | എച്ച്1എൻ1 പനിയാണ് സംസ്ഥാനത്ത് പുത്തൻ പകർച്ച വ്യാധിയായി കണക്കാക്കപ്പെട്ടിട്ടുള്ളത് |

| | | | |
|---|---|---|---|
| (സി) | ഇവയ്ക്കെല്ലാം എതിരെ ആരോഗ്യവകുപ്പിൽ എന്തെല്ലാം നിലയിലുള്ള പ്രതിരോധ പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ; | (സി) യും (ഡി) യും | ആധുനിക രോഗ നിർണ്ണയ ഉപാധികളും ആധുനിക ചികിത്സാ രീതിയും ലഭ്യമാക്കിക്കൊണ്ട് കൊതുകുജന്യരോഗ നിയന്ത്രണത്തിനായി ദേശീയ പ്രാണിജന്യ രോഗ നിയന്ത്രണ പദ്ധതിയും (NVBDCP) വയറിളക്ക രോഗ നിയന്ത്രണത്തിനായി വയറിളക്ക രോഗ നിയന്ത്രണ-പാനീയ ചികിത്സാപദ്ധതിയും,ഇതിനുപുറമേ എച്ച്1 എൻ1, എലിപ്പനി മറ്റു ജലജന്യരോഗ നിയന്ത്രണത്തിനായി സംസ്ഥാന പദ്ധതിയായ സാംക്രമിക രോഗ നിരീക്ഷണ നിയന്ത്രണ പദ്ധതികളും ഇതര രോഗ നിയന്ത്രണപദ്ധതികളും നടന്നു വരുന്നു. |
| (ഡി) | ആധുനിക രോഗ നിർണ്ണയ ഉപാധികളും ആധുനിക ചികിത്സാരീതിയും ലഭ്യമാക്കിക്കൊണ്ട് ഇവയെ പ്രതിരോധിക്കാൻ എന്തെങ്കിലും കർമ്മ പദ്ധതി ഉണ്ടോ; എങ്കിൽ വിശദമാക്കുമോ? | | |